പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1300 — 08.02.2013-ലെ മറുപടിക്ക്

## വടകര താലൂക്കിലെ മിച്ചഭൂമി

**ചോദ്യം**
ശ്രീമതി.കെ.കെ.ലതിക

**മറുപടി**
ശ്രീ.അടൂർപ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വടകര താലൂക്കിലെ ഏതെല്ലാം വില്ലേജുകളിലാണ് മിച്ചഭൂമി ഉള്ളത്; പ്രസ്തുത മിച്ചഭൂമി ആരുടെയെല്ലാം കൈവശത്തിലാണ് ഇപ്പോൾ ഉള്ളത്; ഓരോരുത്തരുടെയും കൈവശം എത്ര അളവ് മിച്ചഭൂമി ഉണ്ട്; ഭൂവുടമയുടെ പേര് സഹിതമുള്ള ലിസ്റ്റ് ലഭ്യമാക്കുമോ; | (എ) | വടകര താലൂക്കിൽ കാവിലുംപാറ, കായക്കൊടി, വേളം, വാണിമേൽ, നരിപ്പറ്റ, വളയം, നടക്കുതാഴ, പാലയാട്, ചെക്യാട്, വിലങ്ങാട് വില്ലേജുകളിലാണ് മിച്ചഭൂമി കേസിൽ ഉൾപ്പെട്ടുവരുന്ന ഭൂമിയുള്ളത്. മരുതോങ്കര വില്ലേജിലെ 2.88 സെന്റ് മിച്ചഭൂമി പൊതു ആവശ്യത്തിനായി റിസർവ്വ് ചെയ്യുന്നതിനുള്ള നടപടിയിൽ ഇരിയ്ക്കുന്നതാണ്.<br>മേൽപ്പറഞ്ഞ മിച്ചഭൂമി കേസുകൾ എല്ലാം കോടതിയിലും താലൂക്ക് ലാന്റ് ബോർഡ് മുമ്പാകെയും പെൻഡിംഗിൽ ഉള്ളവയാണ് ലിസ്റ്റ് അനുബന്ധം I ൽ ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത മിച്ചഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിനും ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ബി) | മിച്ചഭൂമി കേസുകളിൽ താലൂക്ക് ലാന്റ് ബോർഡ് ഉത്തരവാകുന്ന മുറയ്ക്ക് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുന്നുണ്ട്. |
| (സി) | പ്രസ്തുത മിച്ചഭൂമിയിൽ കോടതിയുടെ പരിഗണനയിൽ ഇരിക്കുന്നവ ഏതൊക്കെയെന്നും ഏതെല്ലാം കോടതികളിലാണ് കേസുകൾ നിലനിൽക്കുന്നതെന്നും വ്യക്തമാക്കുമോ? | (സി) | കാവിലുംപാറ - തോമസ്സ് ചാക്കോ, കായക്കൊടി - കവുങ്ങോട്ടിൽ ഇബ്രായി, കാവിലുംപാറ - വട്ടോത്ത്കുട്ടി എന്ന മത്തായി, വേളം - അമ്മനത്ത് ഹാജി, വാണിമേൽ, വിലങ്ങാട് - പി.കെ.അഹമ്മദ്കുട്ടി, നരിപ്പറ്റ - വിശ്വനാഥൻ, ചേലങ്ങാട്ട്, വാണിമേൽ - പുത്തൻപുനത്തിൽ ചിരുത, വിലങ്ങാട് - എ.ജെ.മാണി എന്നിവരുടെ കൈവശത്തിലിരിക്കുന്ന മിച്ചഭൂമി സംബന്ധിച്ച് കേരള ഹൈക്കോടതിയിൽ കേസ്സുകൾ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം I

| ക്രമ നമ്പർ | വില്ലേജ് | ഉടമയുടെ പേര് | വിസ്തീർണ്ണം (ഏക്കർ) |
|---|---|---|---|
| 1 | കാവിലുംപാറ | തോമസ്സ് ചാക്കോ | 60.52 |
| 2 | കായക്കൊടി | കവുങ്ങോട്ടിൽ ഇബ്രായി | 4.27 |
| 3 | കാവിലുംപാറ | വട്ടോത്ത്കുട്ടി എന്ന മത്തായി | 9.29 |
| 4 | വേളം | അമ്മനത്ത് ഹാജി | 1.82 ¼ |
| 5 | വാണിമേൽ, വിലങ്ങാട് | പി.കെ.അഹമ്മദ്കുട്ടി | 37.029 |
| 6 | നരിപ്പറ്റ | വിശ്വനാഥൻ, ചേലങ്ങാട്ട് | 7.10 |
| 7 | വാണിമേൽ | പുത്തൻപുനത്തിൽ ചിരുത | 1.29 |
| 8 | വേളം | നരിയൻകണ്ടി കുഞ്ഞഹമ്മദ് ഹാജി | 1.32 |
| 9 | വളയം | പി.പി.വാസുദേവൻ | 13.19.250 |
| 10 | വളയം വാണിമേൽ | അരങ്ങോടൻ അബ്ദുള്ള ഹാജി | 10.29 ½ |
| 11 | കാവിലുംപാറ | ഇ.കെ.ഹസ്സൻഹാജി | 0.80.600 |
| 12 | നടക്കുതാഴ പാലയാട് | കുനിയിൽ പവിത്രൻ | 12.72 ½ |
| 13 | കാവിലും പാറ | സി.എം.തോമസ്സ് | 118 |
| 14 | ചെക്യാട് | വിജയകൃഷ്ണവർമ്മരാജ | 273.93 |
| 15 | വിലങ്ങാട് | എ.ജെ.മാണി | 4.42 |
| 16 | കായക്കൊടി | പി.വി.വേണുഗോപാൽ | 6.43 |
| 17 | വാണിമേൽ | കുഞ്ഞിപ്പോക്കർ എന്ന കുഞ്ഞബ്ദുള്ള ഹാജി | 8.18 (പതിച്ച് നൽകിയ ആരും കൈവശം വയ്ക്കാത്തതിനാൽ പതിവ് റദ്ദ് ചെയ്യുന്നതിനുള്ള നടപടി നടന്നുവരുന്നു) |
| 18 | വിലങ്ങാട് | പുതിയോട്ടിൽ എടവലത്ത് കുഞ്ഞാബ്ദുള്ള ഹാജി | 1.87 ½ |